പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6617

04.04.2018-ൽ മറുപടിക്ക്

ചൂളക്കടവ് പാലം, മൂലക്കീൽകടവ് പാലം പ്രവൃത്തികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| 2016-17 വർഷത്തെ ബജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലം, മൂലക്കീൽകടവ് പാലം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | **ചൂളക്കടവ് പാലം.** ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പയ്യന്നൂർ മുനിസിപ്പാലിറ്റി ഭാഗത്ത് ആവശ്യമായ സ്ഥലം ലഭ്യമാവാത്തതിനാൽ ഡി.പി.ആർ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല. ബഹു.എം.എൽ.എ വിളിച്ച ചേർത്ത യോഗത്തിലെ തീരുമാന പ്രകാരം ആവശ്യമായ സ്ഥലം ലഭ്യമാക്കാനായി ലാന്റ് അക്വസിഷൻ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി KIIFB ക്ക് സമർപ്പിക്കുന്നതാണ്.<br>**മൂലക്കീൽ കടവ് പാലം.** സംസ്ഥാന ജലപാതയുടെ അലൈൻമെന്റിനുള്ളിൽ വരുന്നതിനാൽ നേരത്തേയുള്ള ഡിസൈൻ റിവൈസ് ചെയ്യേണ്ടതായിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിൽ സമർപ്പിച്ചിട്ടുണ്ട്. റിവൈസ്ഡ് ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ ഡി.പി.ആർ തയ്യാറാക്കി അംഗീകാരത്തിനായി KIIFB ക്ക് സമർപ്പിക്കുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ